# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2913** **15/02/2013-ൽ മറുപടിക്ക്**

## <u>സ്കൂൾ കുട്ടികളുടെ ആരോഗ്യ സംരക്ഷണപദ്ധതി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. പി.കെ. ബഷീർ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| സംസ്ഥാനത്തെ മുഴുവൻ സ്കൂൾ കുട്ടികളുടെയും ആരോഗ്യ സംരക്ഷണത്തിനായി, ആരോഗ്യ വകുപ്പുമായി ചേർന്ന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ? | സംസ്ഥാനത്തെ സ്കൂൾ കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിനായി ആരോഗ്യ വകുപ്പുമായി ചേർന്ന് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കുട്ടികളുടെ ആരോഗ്യപ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനായി എല്ലാ വിദ്യാർത്ഥികൾക്കും വർഷത്തിൽ രണ്ട് പ്രാവശ്യം മെഡിക്കൽ പരിശോധന നടത്തിവരുന്നു. കൂടാതെ സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ ഉൾപ്പെടുന്ന മെഡിക്കൽ ക്യാമ്പ് വർഷത്തിൽ ഒരു പ്രാവശ്യവും നടത്തുന്നു. വിളർച്ച ബാധിച്ച കുട്ടികൾക്കായി അയൺ ഗുളികകൾ ആഴ്ചയിൽ ഒന്ന് വീതവും വിരകൾക്കുള്ള ഗുളികകൾ 6 മാസത്തിലൊരിക്കലും നൽകി വരുന്നു. 5-ാം ക്ലാസ്സിലും 10-ാം ക്ലാസ്സിലും പഠിക്കുന്ന കുട്ടികൾക്ക് TT കുത്തിവയ്പ്പ് നൽകുന്നു. ആരോഗ്യവിദ്യാഭ്യാസം, മാനസി |

കാരോഗ്യം എന്നിവ വർദ്ധിപ്പിക്കാനുള്ള ക്ലാസ്സുകൾ, കൗൺസിലിംഗ് ആവശ്യമുള്ള വിദ്യാർത്ഥികൾക്ക് കൗൺസിലിംഗും നൽകി വരുന്നു. കൂടാതെ എല്ലാ സ്കൂളുകളിലും ഹെൽത്ത് ക്ലബ്ബുകളും രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ചില സ്കൂളുകളിൽ നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ നേതൃത്വത്തിൽ നഴ്സുമാരെ നിയമിച്ചിട്ടുണ്ട്.

Sreedevi

സെക്ഷൻ ഓഫീസർ